Feb : 10

# KGBEU OU ബുള്ളറ്റിൻ 11/2023

സഖാക്കളെ,

**വിഷയം:** Scheme for Regularisation of Daily Wagers

ദിവസവേതനക്കാരുടെ സ്ഥിരപ്പെടുത്തൽ വിഷയം സംഘടനയുടെ സജീവ പരിഗണയിലുള്ള വിഷയം ആണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണല്ലോ. ഈ കാലഘട്ടത്തിൽ വിവിധങ്ങളായ കോടതി വിധികളും തൊഴിലാളികൾക്ക് അനുകൂലമായി സമ്പാദിക്കാൻ നമ്മുടെ അഖിലേന്ത്യാ സംഘടനയായ AIRRBEA ക്ക് കഴിഞ്ഞിരുന്നു.

ഇതിനിടയിൽ ആന്ധ്രപ്രദേശ് ഗ്രാമീണ വികാസ് ബാങ്ക് (APGVB) മാനേജ്മെന്റിനോട് ദിവസ കൂലിക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച സ്കീം തയ്യാറാക്കാൻ കോടതി ഉത്തരവ് ഇറക്കിയെങ്കിലും അംഗീകരിക്കാതിരുന്ന മാനേജ്മെന്റ് നടപടിയിൽ ജീവനക്കാർ കോടതി യലക്ഷ്യ നടപടികൾ ആരംഭിച്ചിരുന്നു. തുടർന്ന് APGVB ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്താനുള്ള സ്കീം തെലങ്കാന ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്. അവിടെ നൽകിയ കോടതിയലക്ഷ്യ കേസ് ഇന്ന് പരിഗണിക്കാനിരിക്കെയാണ് ഈ ആശ്വാസക രമായ നീക്കം ഉണ്ടായത്. പ്രസ്തുത സ്കീം ആ ബാങ്കിന്റെ ഡയറക്ടർ ബോർഡും സ്പോൺസർ ബാങ്കും മാത്രമല്ല അംഗീകരിച്ചത്, നബാർഡിന്റെ vetting ന് ശേഷമാണ് ഇത് DFS ബാങ്കിന് കൈമാറിയത്. ദിവസകൂലിക്കാരെ സ്ഥിരപ്പെടുത്താനുള്ള നമ്മുടെ പോ രാട്ടത്തിന് ഇത് വർധിത ഊർജം പകരും. വിജയം വരെ പോരാടിയ 100% ജീവനക്കാരെയും ഉൾക്കൊള്ളുന്ന APGVB യിലെ AIRRBEA യൂണിറ്റുകൾക്ക് അഭിവാദനങ്ങൾ.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)